# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂലൈ 24**

---

## പി.ജി; സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്നുകൂടി അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്നു (ജൂലൈ 25) വൈകുന്നേരം നാലു വരെ അപേക്ഷിക്കാം. cap.mgu.ac.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷ സ്വീകരിക്കുന്നത്.

ഇതുവരെ അപേക്ഷ നൽകാത്തവർക്കും ഓൺലൈൻ രജിസ്ട്രേഷൻ നടത്തി അലോട്ട്മെന്റ് ലഭിക്കാത്തവർക്കും ലഭിച്ച അലോട്ട്മെന്റ് റദ്ദായവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം.

സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കുന്ന എല്ലാവരും ഓപ്ഷനുകൾ പുതിയതായി നൽകണം. ഓൺലൈൻ അപേക്ഷയിൽ തെറ്റുവരുത്തിയതുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദായവർക്കും പ്രത്യേകം ഫീസ് അടയ്ക്കാതെ തന്നെ പുതിയതായി ഓപ്ഷൻ നൽകി സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കാം.

മാനേജ്മെന്റ്, കമ്യൂണിറ്റി മെറിറ്റ് ക്വാട്ടകളിലെ പ്രവേശനത്തിനുള്ള പ്രത്യേക ലിങ്കിലൂടെ മാത്രം നിലവിൽ അപേക്ഷിച്ചിട്ടുള്ളവർ നിലവിലെ ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് cap.mgu.ac.in ൽ ലോഗിൻ ചെയ്യണം. നേരത്തെ നൽകിയ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുകയും പുതിയതായി ഓപ്ഷനുകൾ നൽകുകയും ചെയ്യാം.

ഓപ്ഷനുകൾ നൽകി അപേക്ഷ സേവ് ചെയ്ത് ഓൺലൈനിൽ സമർപ്പിക്കണം. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ടുകൾ സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭിക്കും.

സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കുകയും സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന അലോട്ട്മെന്റ് പ്രകാരം പ്രവേശനം എടുക്കേണ്ടിവരും. ഇവരുടെ മുൻ പ്രവേശനം റദ്ദാകും. അതുകൊണ്ടുതന്നെ സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിന് ഓപ്ഷനുകൾ നൽകുമ്പോൾ പ്രത്യേക

ശ്രദ്ധ പുലർത്തണം.

ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും കമ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും ഇന്നു വൈകുന്നേരം നാലു വരെ അപേക്ഷിക്കാം
(പി.ആർ.ഒ/39/646/2024)

## വൈവ വോസി

മൂന്നും നാലും സെമസ്റ്റർ എംഎ ഫിലോസഫി പ്രൈവറ്റ് രജിസ്ട്രേഷൻ (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ജൂലൈ 31 ന് എറണാകുളം മഹാരാജാസ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

മൂന്നും നാലും സെമസ്റ്റർ എംഎ പൊളിറ്റിക്കൽ സയൻസ് സിഎസ്എസ് പ്രൈവറ്റ് രജിസ്ട്രേഷൻ (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് രണ്ടിന് ചങ്ങനാശേരി എൻഎസ്എസ് ഹിന്ദു കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/647/2024)

## സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് പോളിമർ സയൻസ് ആന്റ് ടെക്നോളജി നടത്തുന്ന എംഎസ്സി ഇൻഡ്ട്രിയൽ പോളിമർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ എസ്.ടി വിഭാഗ ത്തിലും ജനറൽ മെറിറ്റിലും രണ്ടു വീതം സീറ്റുകൾ ഒഴിവുണ്ട്.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുമായി ജൂലൈ 26ന് ഉച്ചക്ക് 12.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (https://cat.mgu.ac.in/schoolpolymer.php) ഫോൺ-9562578730, 9400201036

..........................................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എംടെക്, എംഎസ്സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 26ന് സ്പോട്ട് അഡ്മിഷൻ നടത്തും. എംടെക് എനർജി സയൻസ് ആന്റ് ടെക്നോളജി :ജനറൽ മെറിറ്റ്-5, എംഎസ്സി മെറ്റീരിയൽ സയൻസ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്: ജനറൽ മെറിറ്റ്- ഒന്ന്, എസ്.ഇ.ബി.സി - രണ്ട് എന്നിങ്ങനെയാണ് ഒഴുവുകളുടെ എണ്ണം.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുമായി രാവിലെ 11.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (https://sem.mgu.ac.in/) ഫോൺ-7736997254.
(പി.ആർ.ഒ/39/648/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഡിസംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് ഏഴ് വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/649/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബിഎസ്സി പെട്രോകെമിക്കൽസ് (പുതിയ സ്കീം 2022 അഡ്മിഷൻ റഗുലർ, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ആറിന് വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/650/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**